(ഡി) ഇല്ലെങ്കിൽ ഇനിയും എത്രപേർക്ക് നിയമനം നൽകാൻ ബാക്കി യുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൽക്കാലം ഒഴിവുകളൊന്നും നിലവിലില്ല.

(ബി) പ്രസക്തമല്ല.

(സി) നൽകിക്കഴിഞ്ഞു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

137 (281) വൈദ്യുതിനിരക്ക് വർദ്ധന

ശ്രീ. കെ.എം. മാണി :

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്കിൽ വരുത്തിയ വർദ്ധനമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടും, വ്യവസായമേഖലയിൽ സംജാതമായിട്ടുള്ള പ്രതിസന്ധിയേയുംപ്പറ്റി സർക്കാരിന് ബോദ്ധ്യമായിട്ടുണ്ടോ;

(ബി) വൈദ്യുതിനിരക്ക് വർദ്ധന പുനഃപരിശോധിക്കാൻ സർക്കാർ സന്നദ്ധമാവുമോ?

ഉത്തരം

(എ)&(ബി) ഗാർഹികമേഖലയിൽ ചാർജ്ജ് വർദ്ധന ശരാശരി 26.5 ശതമാനം മാത്രമാണ്. വ്യവസായ മേഖലയിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചശേഷവും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നിരക്ക് കുറവാണ്. ഈ നിരക്ക് വർദ്ധനവുകൊണ്ട് വ്യാവസായികമേഖലയിൽ പ്രതിസന്ധി ഉണ്ടായതായി തോന്നുന്നില്ല. വൈദ്യുതി ചാർജ്ജ് വർദ്ധനവിന് സർക്കാരിനെ നിർബന്ധമാക്കിയ സാഹചര്യങ്ങൾ താഴെപ്പറയുന്നവയാണ്.

കായംകുളം താപനിലയത്തിൽനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ വിലയും, ബ്രഹ്മപുരം ഡീസൽ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിലയും, ആഭ്യന്തര ഉൽപാദനം വഴിയുള്ള വൈദ്യുതിയുടെ വിലയും കണക്കാക്കിയാൽ സംസ്ഥാനത്ത് ഇപ്പോൾ വിതരണം നടത്തുന്ന വൈദ്യുതിയ്ക്ക് യൂണിറ്റൊന്നിന് ശരാശരി 199.5 പൈസ ചെലവാകുന്നുണ്ട്. നിരക്ക് വർദ്ധിപ്പിക്കുന്നതിനുമുമ്പ് ബോർഡിന് ലഭിച്ചുകൊണ്ടിരുന്നത് യൂണിറ്റിന് 144 പൈസയാണ്. അതായത് വരുമാനവും ചെലവും തമ്മിൽ യൂണിറ്റിന് 55 പൈസയുടെ അന്തരമുണ്ടായിരുന്നതുമൂലം പ്രതിദിനം 2 കോടി രൂപയോളം നഷ്ടത്തിലായിരുന്നു. ഇപ്പോൾ വരുത്തിയ താരിഫ് വർദ്ധനവിനുശേഷം ഒരു യൂണിറ്റ് വൈദ്യുതി വിറ്റാൽ ബോർഡിന് ശരാശരി ലഭിക്കുന്നത് 189 പൈസയാണ്. അതായത് ഓരോ യൂണിറ്റ് വൈദ്യുതി വിൽക്കുമ്പോഴും ബോർഡ് ചാർജ് വർദ്ധന വരുത്തിയശേഷവും 10.5 പൈസ നഷ്ടത്തിലാണ്. ഈ സാഹചര്യം വൈദ്യുതിനിരക്ക് വർദ്ധന പുനഃപരിശോധിക്കാൻ കഴിയുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly